നിങ്ങളുടെ വീടുകളെ നിങ്ങൾ ഖബ്റുകളാക്കരുത്. നിങ്ങൾ
എൻ്റെ ഖബ്റിനെ ആരാധനകേന്ദ്രമാക്കുകയും ചെയ്യരുത്.
എൻ്റെ മേൽ നിങ്ങൾ സ്വലാത്ത് ചൊല്ലിക്കൊള്ളുക; നിങ്ങൾ
എവിടെയായിരുന്നാലും നിങ്ങളുടെ സ്വലാത്ത് എനിക്ക്
എത്തുന്നതാണ്
ُه عَنُْه- റൈറുഹ ൂഅബ

َ ِض َي الل
ر- നിവേദനം: നബി -صلى الله عليه وسلم- പറയുന്നു: "നിങ്ങളുടെ വീടുകളെ നിങ്ങൾ
ഖബ്റുകളാക്കരുത്. നിങ്ങൾ എൻ്റെ ഖബ്റിനെ ആരാധനകേന്ദ്രമാക്കുകയും ചെയ്യരുത്. എൻ്റെ
മേൽ നിങ്ങൾ സ്വലാത്ത് ചൊല്ലിക്കൊള്ളുക; നിങ്ങൾ എവിടെയായിരുന്നാലും നിങ്ങളുടെ
സ്വലാത്ത് എനിക്ക് എത്തുന്നതാണ്."
[ഹസൻ] [അബൂദാവൂദ് ഉദ്ധരിച്ചത്]
വീടുകളിൽ നിസ്കാരം തീർത്തും ഇല്ലാതാകുന്നത് നബി -صلى الله عليه وسلم- ഈ ഹദീഥിലൂടെ വിലക്കുന്നു;
നിസ്കരിക്കപ്പെടാത്ത മഖ്ബറകൾക്ക് സമാനമായി വീടുകൾ മാറിപ്പോകാതിരിക്കുന്നതിന്
വേണ്ടിയാണത്. അതോടൊപ്പം തൻ്റെ ഖബ്ർ ആവർത്തിച്ചാവർത്തിച്ച് സന്ദർശിക്കുന്നതിൽ
നിന്നും നബി -صلى الله عليه وسلم- വിലക്കുന്നു. അവിടെ സ്ഥിരമായി ഒത്തുകൂടുക എന്നത് പാടില്ല. കാരണം അത്
ശിർകിലേക്ക് നയിക്കുന്ന വഴികളിലൊന്നാണ്. ഭൂമിയുടെ ഏതു ഭാഗത്ത് നിന്നാണെങ്കിലും
അവിടുത്തെ മേൽ സ്വലാത്ത് ചൊല്ലാനും നബി -صلى الله عليه وسلم- കൽപ്പിക്കുന്നു. കാരണം ദൂരെ
നിന്നുള്ളവരുടെയും അടുത്തു നിന്നുള്ളവരുടെയും സ്വലാത്ത് നബി -صلى الله عليه وسلم- യ്ക്ക്
എത്തിക്കപ്പെടുന്നതാണ്. അതിനാൽ സ്വലാത്ത് എത്തിച്ചു നൽകുന്നതിന് വേണ്ടി നബി -صلى الله عليه وسلم- യുടെ
ഖബ്റിനരികിലേക്ക് ആവർത്തിച്ചു വരേണ്ടതില്ല.
https://sunnah.global/hadeeth/ml/show/3350